പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 6074

07.07.2014 ൽ മറുപടിയ്ക്ക്

## സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ഓൺലൈൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. അൻവർ സാദത്ത് | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) പഞ്ചായത്തുകളിൽ നിന്നും നൽകുന്ന ജനനമരണ, വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഓൺലൈൻവഴി ലഭിക്കുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാക്കുന്ന സംവിധാനത്തിന് സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സേവന (സിവിൽ രജിസ്ട്രേഷൻ) സോഫ്ട് വെയറിലൂടെ ഇലക്ട്രോണിക്കായി രജിസ്റ്റർ ചെയ്യപ്പെടുന്ന എല്ലാ ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളുടെയും സർട്ടിഫിക്കറ്റുകൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സിവിൽ രജിസ്ട്രേഷൻ വെബ്സൈറ്റായ www.cr.lsgkerala.gov.in എന്നതിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 1970 മുതൽ കൈയ്യെഴുത്തായി നിർവ്വഹിച്ചിട്ടുള്ള രജിസ്ട്രേഷനുകൾ പഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽക്കരിക്കുന്ന മുറയ്ക്ക് പ്രസ്തുത രജിസ്ട്രേഷനുകളുടെ സർട്ടിഫിക്കറ്റുകളും വെബ്സൈറ്റിൽ ലഭ്യമാക്കി വരുന്നു. |

ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;

ബി) ജനനമരണ-വിവാഹങ്ങൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ കാലതാമസം കൂടാതെ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യം. കൂടാതെ സ്കൂൾ പ്രവേശനം, പാസ്പോർട്ട് നൽകൽ തുടങ്ങിയ വിവിധ ഔദ്യോഗിക ആവശ്യങ്ങൾക്ക് ജനനമരണ-വിവാഹ സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുന്നതിനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു.

സി) ആരെല്ലാമാണ് ഈ സംവിധാനത്തിന്റെ നടത്തിപ്പുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ;

സി) സർക്കാരും, തദ്ദേശ ഭരണ സ്ഥാപനങ്ങളും, ഇൻഫർമേഷൻ കേരളാ മിഷനും സംയുക്തമായാണ് ഈ സംവിധാനം നടപ്പാക്കുന്നത്.

ഡി) ഓൺലൈൻവഴി ലഭിക്കുന്ന സർട്ടിഫിക്കറ്റുകളുടെ ആധികാരികത സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ് ; വിവരിക്കുമോ?

ഡി) വെബ്സൈറ്റിലൂടെ ഓൺലൈനായി ലഭിക്കുന്ന ജനനമരണ-വിവാഹ സർട്ടിഫിക്കറ്റുകൾ 25.07.2012–ലെ സ.ഉ.(കൈ) നം. 202/2012/തസ്വഭവ, 09.10.2013-ലെ സ.ഉ.(പി) നം.6/2013/നിയമം എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ആധികാരിക രേഖയായി കേരള സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ